

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 9. രാജാറാം മോഹൻ റായ്

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


9 രാജാറാം മോഹൻ റായ് . . . . . . . . . . . . . . . . . 1

1 നവോത്ഥാനത്തിന്റെ ആരംഭം . . . . 2

2 ഏകതത്വവാദം . . . . . . . . . . . . 3

3 അന്ധവിശ്വാസങ്ങൾക്കെതിരായ നിലപാട് . . . . . . . . . . . . . . . . 4

4 പത്രസ്വാതന്ത്ര്യം . . . . . . . . . . . . 5

5 സതിക്കെതിരായ പ്രക്ഷോഭം . . . . 6

6 ആധുനിക വിദ്യാഭ്യാസം . . . . . . . . 7

7 നിയമപരിഷ്കാരങ്ങൾ . . . . . . . . . . 8

8 ബ്രഹ്മസമാജം . . . . . . . . . . . . . 9

9 റാം മോഹന്റെ പിൻഗാമികൾ . . . . 10

# 9

## രാജാറാം മോഹൻ റായ്

പത്തൊമ്പതാം നൂറ്റാണ്ടിൽ നാട്ടുവാഴിത്തത്തിനും കോളനിവാഴ്ചയ്ക്കും എതിരായി ഇന്ത്യയിൽ ഉയർന്നുവന്ന ജനകീയപ്രസ്ഥാനങ്ങൾക്ക് സാമ്പത്തികമായ പിന്നോക്കാവസ്ഥയും ബ്രിട്ടീഷ് ഭരണാധികാരികളുടെ മർദ്ദനനയങ്ങളും കാരണം പല പരിമിതികളുമുണ്ടായിരുന്നു. തങ്ങളുടെ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വിഭവങ്ങൾ സമ്പാദിക്കുന്നതിനും വ്യാവസായികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പറ്റിയ ഒരു കാർഷികരാജ്യമാക്കി ഇന്ത്യയെ നിലനിർത്തുകയെന്നതായിരുന്നു ബ്രിട്ടീഷ് ഭരണാധികാരികളുടെ ഉദ്ദേശ്യം. അതിനാലാണ് സുശക്തമായ ഒരു ആധുനികവ്യാവസായിക രാജ്യമായി വളരുന്നതിൽ നിന്ന് ഇന്ത്യയെ തടഞ്ഞുനിർത്താൻ അവർ പരമാവധി പരിശ്രമിച്ചത്. ബ്രിട്ടന്റെ താല്പര്യങ്ങൾക്ക് ഹാനികരമല്ലാത്തവയും ബ്രിട്ടീഷ് വ്യവസായങ്ങൾക്ക് താങ്ങായി പ്രവർത്തിക്കുന്നവയുമായ വ്യവസായശാഖകളെ മാത്രമേ അവർ ഇന്ത്യയിൽ വളരാൻ സമ്മതിച്ചുള്ളൂ. മുതലാളിത്തബന്ധങ്ങൾ വികസിപ്പിക്കാനാഗ്രഹിച്ച ദേശീയബൂർഷ്വാസി വളരെ ദുർബലമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികളുടെ നയങ്ങൾ മാത്രമല്ല, കാലഹരണപ്പെട്ട നാട്ടുവാഴിത്തബന്ധങ്ങളും മത-സാമൂഹ്യമണ്ഡലങ്ങളിലെ പഴഞ്ചൻ വിശ്വാസങ്ങളും വ്യാവസായികപുരോഗതിക്കു തടസ്സമായിനിന്നു. വിദേശഭരണത്തിനും നിലവിലുള്ള സാമൂഹ്യസാഹചര്യങ്ങൾക്കുമെതിരായ വിപ്ലവസമരങ്ങൾ സംഘടിപ്പിക്കാൻ കഴിയത്തക്കവണ്ണം ഇന്ത്യയിലെ മുതലാളിവർഗ്ഗമോ ദേശീയപ്രസ്ഥാനമോ ശക്തിയാർജിച്ചുകഴിഞ്ഞിരുന്നില്ല. ഈ സാഹചര്യങ്ങളിൽ ബ്രിട്ടീഷ് ഭരണാധികാരികളുമായി സഹകരിച്ചുകൊണ്ടും അവരുടെ രക്ഷാകർത്തൃത്വം അംഗീകരിച്ചുകൊണ്ടും മാത്രമേ തങ്ങളുടെ അഭിലാഷങ്ങൾ നേടാൻ കഴിയൂ എന്ന് ഇന്ത്യയിലെ ഉൽബുദ്ധ ജനവിഭാഗങ്ങൾ കരുതിയെങ്കിൽ അതിലത്ഭുതപ്പെടാനൊന്നുമില്ല. സാമൂഹ്യപരിവർത്തനങ്ങൾക്കു നേതൃത്വം നൽകാനുള്ള കഴിവും രാഷ്ട്രീയമായ പക്വതയും വർഗ്ഗബോധവുമുള്ള ഒരു തൊഴിലാളിവർഗ്ഗം ആവിർഭവിച്ച് കഴിഞ്ഞിരുന്നില്ല. ഫ്യൂഡലിസവും അതിന്റെ ആശയങ്ങളും അപ്പോഴും സുശക്തങ്ങളായിരുന്നു. ബൂർഷ്വാഘടകങ്ങൾ ഫ്യൂഡൽബന്ധങ്ങളുമായി കെട്ടുപിണഞ്ഞുകൊണ്ടാണ് വളരാൻ തുടങ്ങിയത്.

## 1 നവോത്ഥാനത്തിന്റെ ആരംഭം

ഭൂതകാലത്തിന്റെ ഭാരം ദുസ്സഹമായിരുന്നു. രാജ്യത്തിന്റെ അസമമായ സാമ്പത്തികവളർച്ച ഈ സ്ഥിതിയെ കൂടുതൽ സങ്കീർണ്ണമാക്കി. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ബംഗാൾ, ബോംബെ, മദിരാശി എന്നീ കടൽത്തീര സംസ്ഥാനങ്ങളിൽ മുതലാളിത്തവ്യവസായങ്ങൾ വളർന്നുവരാൻ തുടങ്ങിയപ്പോൾ മറ്റു പ്രദേശങ്ങളിൽ നാടുവാഴിത്തമോ പ്രാചീന ഗോത്രസമുദായങ്ങളോ നിലനിന്നുപോന്നു. ആധുനികവിദ്യാഭ്യാസവും ശാസ്ത്രീയാശയങ്ങളും നേടിയ പട്ടണങ്ങളിൽ പോലും പ്രാക് മുതലാളിത്ത സാമൂഹ്യബന്ധങ്ങളുടെയും പഴഞ്ചൻ ചിന്താഗതികളുടെയും അവശിഷ്ടങ്ങൾ നാമാവശേഷമാവാതെ തുടർന്നുപോന്നു. മതത്തിന്റെ സ്വാധീനം വളരെ വിപുലമായിരുന്നു. ബ്രിട്ടീഷ് ഭരണത്തെയും നാടുവാഴിത്തബന്ധങ്ങളെയും നിലനിർത്താൻ വേണ്ടിയുള്ള സംരംഭങ്ങളിൽ മാത്രമല്ല, അവയ്ക്കെതിരായ സമരങ്ങളിലും മതവിശ്വാസങ്ങൾ ഗണ്യമായ ഒരു പങ്കുവഹിക്കുകയുണ്ടായി. ദേശീയ നവോത്ഥാനം മതപരമായ നവോത്ഥാനത്തിന്റെ പ്രതിഫലനമായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. സാമൂഹ്യവും രാഷ്ട്രീയവുമായ ആശയങ്ങൾ, ജനാധിപത്യപരവും ദേശാഭിമാനപരവുമായ അഭിലാഷങ്ങൾ, ഒരു നല്ല ജീവിതത്തിനു വേണ്ടിയുള്ള പ്രതീക്ഷകൾ—ഇവയെല്ലാം മതപരമായ രൂപത്തിലാണ് പ്രകടിപ്പിക്കപ്പെട്ടത്. മുതലാളിത്തത്തിന്റെയും ആധുനികനാഗരികതയുടെയും വികാസത്തിനു വേണ്ടിയുള്ള സമരങ്ങൾപോലും മതവിശ്വാസങ്ങളുമായി കൂട്ടിയിണക്കപ്പെട്ടു. എങ്കിലും, പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹ്യപരിഷ്കർത്താക്കൾ ഉയർത്തിപ്പിടിച്ച ഹിന്ദുമതം മധ്യകാലത്തെ ഹിന്ദുമതത്തിൽ നിന്നു വ്യത്യസ്തമായിരുന്നു. ബ്രിട്ടീഷ് മുതലാളികളുമായി ബന്ധപ്പെട്ടുകൊണ്ട് സമ്പത്തും ശക്തിയും നേടാൻ കൊതിച്ച ദുർബലങ്ങളായ ദേശീയ ബൂർഷ്വാവിഭാഗങ്ങളുടെ അഭിലാഷങ്ങളെ പ്രതിഫലിപ്പിച്ച ഒരു പുതിയ ഹിന്ദുമതമായിരുന്നു അത്.

ദേശാഭിമാനികളായ സാമൂഹ്യപരിഷ്കർത്താക്കൾ മതപാരമ്പര്യങ്ങൾക്ക് കീഴ്വഴങ്ങി. എന്നാൽ, പുതിയ ഉല്പാദനശക്തികളുടെ വളർച്ചയെ തടയുന്ന മുരടിച്ച മതവിശ്വാസങ്ങളെ ഉൾക്കൊള്ളാനോ ദ്രോഹകരങ്ങളായ മതച്ചടങ്ങുകളെ അംഗീകരിക്കാനോ അവർ കൂട്ടാക്കിയില്ല. ജാതിവ്യത്യാസങ്ങൾ, അയിത്തം, വിഗ്രഹാരാധന, സതി മുതലായവയ്ക്കെതിരായി പോരാടുകയും വിധവാവിവാഹം, മിശ്രവിവാഹം മുതലായവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തപ്പോൾ അവർ വിശ്വസിച്ചത് ഞങ്ങൾ പഴയ മതത്തെ പുനരുജ്ജീവിപ്പിക്കുകയും ശുദ്ധീകരിക്കുകയുമാണ് ചെയ്യുന്നത് എന്നത്രേ. എന്നാൽ, യഥാർത്ഥത്തിൽ അവർ മുതലാളിത്തോല്പാദന സമ്പ്രദായത്തിന്റെ വികാസത്തിനു പറ്റിയ തരത്തിൽ പുതിയ ആശയങ്ങൾക്കും പുതിയ സാമൂഹ്യബന്ധങ്ങൾക്കുമുള്ള കളമൊരുക്കുകയായിരുന്നു. മറ്റൊരുവിധം പറഞ്ഞാൽ, മതപരവും ആദ്ധ്യാത്മികവുമായ ആദർശങ്ങളാണ് രാഷ്ട്രീയ സാമൂഹ്യപ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകിയത്. എങ്കിലും, അവയുടെ ഉള്ളടക്കം നാടുവാഴിത്തവിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമായിരുന്നു. കാലഹരണപ്പെട്ട സാമൂഹ്യബന്ധങ്ങൾ അവസാനിപ്പിക്കുകയും പുതിയ ബന്ധങ്ങളും ആശയങ്ങളും സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ അവർ ജനങ്ങളെ ഉൽബോധിപ്പിച്ചു. യാഥാർത്ഥ്യത്തോടുള്ള യുക്തിപൂർവവും വസ്തുനിഷ്ഠവുമായ സമീപനത്തിന് വിലങ്ങായിനിന്ന നിയന്ത്രണങ്ങളെ അവർ എതിർത്തു. ഇങ്ങനെ ആത്മീയവാദപരമായ അവരുടെ വീക്ഷണഗതിക്ക് ചരിത്രത്തിൽ പുരോഗമനപരമായ ഒരു പങ്കുവഹിക്കാൻ കഴിഞ്ഞു. പഴയ മൂല്യങ്ങൾക്ക് പുതിയ ജീവൻ നൽകുക മാത്രമാണ് തങ്ങൾ ചെയ്യുന്നതെന്ന് അവർ വിശ്വസിച്ചു. എങ്കിലും, ഫലത്തിൽ അവർ ഭാവിയുടെ വക്താക്കളായിരുന്നു.

ഭൂതകാലത്തിന്റെ നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുകയെന്ന പ്രവണത ദേശീയനവോത്ഥാനത്തിന്റെ ഒരു സവിശേഷതയാണ്. ഫ്രഞ്ച് നവോത്ഥാനത്തിലും ബ്രിട്ടീഷ് മതപരിഷ്കരണപ്രസ്ഥാനത്തിലും ഈ പ്രവണതകാണാം. ഇന്ത്യയിലും ദേശീയപ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ രാഷ്ട്രീയവും സാമ്പത്തികവുമായ മുന്നേറ്റം മതപരിഷ്കരണത്തിന്റെ രൂപത്തിലാണ് പ്രകടമായത്. പിന്തിരിപ്പൻ സാമൂഹ്യശക്തികൾക്ക് പിൻബലം നൽകിയ കാലഹരണപ്പെട്ട ആചാരങ്ങളെയും മതപരമായ അന്ധവിശ്വാസങ്ങളെയും അത് നിരാകരിച്ചു.

ഇന്ത്യയിലെ ദേശീയനവോത്ഥാനത്തിന്റെ ആദ്യത്തെ പ്രമുഖനേതാവ് രാജാറാം മോഹൻ റായ് ആയിരുന്നു. ആധുനികേന്ത്യയുടെ ദേശീയവാദത്തിന്റെ പിതാവായിട്ടാണ് അദ്ദേഹം വാഴ്ത്തപ്പെടുന്നത്. രവീന്ദ്രനാഥ ടാഗോർ ചൂണ്ടിക്കാണിച്ചതുപോലെ, ഇന്ത്യയിൽ ആധുനികകാലഘട്ടത്തിന് തുടക്കം കുറിച്ചത് റാം മോഹൻ റായ് ആണ്.

1772-ലാണ് ഒരു ഇടത്തരം കുടുംബത്തിൽ റാം മോഹൻ ജനിച്ചത്. കുട്ടിക്കാലത്തുതന്നെ ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും തത്വങ്ങൾ രാജാറാം മോഹൻ റായിൽ വമ്പിച്ച സ്വാധീനം ചെലുത്തിയെങ്കിലും, അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ സമീപനം ഹിന്ദുമതത്തിന്റേതായിരുന്നു. ബൈബിളിൽ അടങ്ങിയ ധാർമ്മികതത്വങ്ങൾ സ്വീകരിക്കാൻ അദ്ദേഹം തയ്യാറായിരുന്നു. എന്നാൽ, മതപരിവർത്തനത്തിനുള്ള മിഷനറിമാരുടെ ശ്രമത്തെ അദ്ദേഹം എതിർത്തു. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും മതവിശ്വാസങ്ങളെ പുച്ഛിച്ചുകൊണ്ട് പുസ്തകങ്ങൾ എഴുതാൻ ക്രിസ്ത്യൻ മിഷനറിമാരെ പ്രോത്സാഹിപ്പിക്കുന്ന ബ്രിട്ടീഷ് ഭരണാധികാരികൾ മതപരമായ നിഷ്പക്ഷത ലംഘിക്കുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹം ആക്ഷേപിച്ചു. അതേസമയത്ത്, ഹിന്ദുക്കളുടെ ദ്രോഹകരങ്ങളായ പല ആചാരങ്ങളെയും വിശ്വാസങ്ങളെയും ചടങ്ങുകളെയും വിട്ടുവീഴ്ചയില്ലാതെ എതിർക്കുകയും ചെയ്തു. ബഹുദൈവവിശ്വാസം, ക്ഷേത്രങ്ങളിലെ പൂജാവിധികൾ, അയിത്തം, പുനർജന്മവാദം, അവതാരങ്ങളിലുള്ള വിശ്വാസം, വിഗ്രഹാരാധന, മൃഗബലി, സതി എന്നിങ്ങനെ ഹിന്ദുക്കളുടെ ഇടയിൽ നിലനിന്നിരുന്ന അനാചാരങ്ങളെല്ലാം അദ്ദേഹത്തിന്റെ നിശിതമായ വിമർശനങ്ങൾക്കിരയായി. യഥാർത്ഥത്തിലുള്ള ഹിന്ദുമതം വിശാലമായ മാനുഷികവീക്ഷണത്തിൽ വേരുറച്ചതാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. നൂറ്റാണ്ടുകളായി നിലനിന്നുപോന്ന അന്ധവിശ്വാസങ്ങളുടെ മാറാലകളിൽ നിന്ന് ഹിന്ദുമതത്തെ മോചിപ്പിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യേണ്ടതാവശ്യമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സാമൂഹ്യജീവിതത്തിലെ പുതിയ സാഹചര്യങ്ങൾക്കൊത്തവിധം ശരിക്കും ഒരു ദേശീയ മതമെന്ന നിലയ്ക്ക് ഹിന്ദുമതത്തെ പുനർജ്ജീവിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

## 2 ഏകതത്വവാദം

റാം മോഹൻ ബഹുദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ആചാരങ്ങളെ എതിർക്കുകയും ഏകദൈവവിശ്വാസം ഉയർത്തിപ്പിടിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "ഒരു ശാശ്വതശക്തിയുടെ നേരെ തിരിയുക എന്നത് മനുഷ്യമനസ്സിന്റെ സ്വാഭാവികമായ പ്രവണതയാണ്". യാഥാസ്ഥിതികത്വത്തിനെതിരായി നാനാമുഖങ്ങളായ സമരങ്ങൾ നടത്താനും ജനങ്ങളെ ഉന്നതവും ഉൽകൃഷ്ടവുമായ ഒരു പുതിയ ജീവിതത്തിലേക്ക് ഉയർത്തിക്കൊണ്ടുപോകുവാനുമുള്ള ഒരു ഉപാധിയായിരുന്നു ഏകതത്വവാദം. ഏകദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു സാർവലൗകികമതമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വിഗ്രഹാരാധനയും ബഹുദൈവവിശ്വാസവും ഉപേക്ഷിക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. വിശുദ്ധവും നിർഗുണവും രൂപരഹിതവുമായ ബ്രഹ്മമെന്ന സങ്കല്പം മനുഷ്യരാശിയുടെ ഐക്യത്തിന്റെ പ്രതീകമായിരുന്നു. എന്തെന്നാൽ, ഓരോ മനുഷ്യജീവിയിലും ബ്രഹ്മമാണ് പ്രകാശിക്കുന്നത്. ഹിന്ദുവായാലും മുസ്ലീമായാലും, എല്ലാ മനുഷ്യരിലും ഒരേ ചൈതന്യമാണ് കുടികൊള്ളുന്നത്. ഈ അർത്ഥത്തിൽ റാം മോഹന്റെ ബ്രഹ്മവാദം കബീർ, ചൈതന്യൻ മുതലായവരുടെ നേതൃത്വത്തിലുയർന്നുവന്ന ഭക്തിപ്രസ്ഥാനത്തിന്റെ തുടർച്ചയാണെന്നുപറയാം. പക്ഷേ, ഒരു വ്യത്യാസമുണ്ട് രാമൻ, കൃഷ്ണൻ എന്നിങ്ങനെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണമായ ഏതെങ്കിലും ഒരു ദൈവത്തെ ആരാധിക്കുകയും ആ ദൈവത്തെക്കുറിച്ചുള്ള ഭക്തിമയങ്ങളായ സങ്കീർത്തനങ്ങൾ പാടിക്കൊണ്ട് ചുറ്റി സഞ്ചരിക്കുകയും ചെയ്യുന്നതിൽ ഭക്തിപ്രസ്ഥാനക്കാർക്ക് വലിയ നിഷ്കർഷയായിരുന്നു. റാം മോഹന്റെ മതത്തിൽ രാമൻ, കൃഷ്ണൻ തുടങ്ങിയ ദൈവങ്ങൾക്കോ സങ്കീർത്തനങ്ങൾക്കോ സ്ഥാനമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ദൈവം ഉപനിഷത്തുക്കളിലെ അമൂർത്തവും നിർഗുണവുമായ ബ്രഹ്മമായിരുന്നു. ഉപനിഷത്തുക്കളിലടങ്ങിയ വേദാന്തതത്വങ്ങളിലാണ് അദ്ദേഹം ഊന്നിയത്. വേദാന്തസൂത്രവും ഇശോപനിഷത്ത്, കേനോപനിഷത്ത് മുതലായവയും അദ്ദേഹം ബംഗാളിയിലേക്കും ഇംഗ്ലീഷിലേക്കും സ്വയം പരിഭാഷപ്പെടുത്തുകയുണ്ടായി.

## 3 അന്ധവിശ്വാസങ്ങൾക്കെതിരായ നിലപാട്

എന്നാൽ, റാം മോഹന്റെ ഏകതത്വവാദം വേദാന്തസൂത്രത്തിലെയോ ഉപനിഷത്തുകളിലെയോ ബ്രഹ്മസങ്കല്പത്തിന്റെ വെറും ആവർത്തനമാണെന്നുകരുതുന്നത് ശരിയായിരിക്കുകയില്ല. ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും ഏകദൈവവിശ്വാസം അദ്ദേഹത്തിൽ സ്വാധീനം ചെലുത്തുകയുണ്ടായി. ഹിന്ദുക്കളുടെ അടിസ്ഥാന ദാർശനിക ഗ്രന്ഥങ്ങളെന്നപോലെ തന്നെ മുസ്ലീങ്ങളുടെ ഖുർആനും ക്രിസ്ത്യാനികളുടെ ബൈബിളും അദ്ദേഹം ശ്രദ്ധിച്ചുപഠിക്കുകയും ക്രിസ്തുവിന്റെ ഉപദേശങ്ങളെക്കുറിച്ചുള്ള ഒരു ഗ്രന്ഥം പ്രസിദ്ധം ചെയ്യുകയും ചെയ്തു. എല്ലാ മതങ്ങളിലുമടങ്ങിയ ധാർമ്മികമൂല്യങ്ങൾ ഉൾക്കൊള്ളാനാണ് അദ്ദേഹം ശ്രമിച്ചത്. മാക്സ്മുള്ളർ അഭിനന്ദിച്ചു പറഞ്ഞതുപോലെ, “പാശ്ചാത്യ–പൗരസ്ത്യ ചിന്തകളെ സംയോജിപ്പിച്ച ആദ്യത്തെ മനുഷ്യൻ” ആയിരുന്നു അദ്ദേഹം. പക്ഷേ, റാംമോഹന്റെ സംയോജനം വെറുമൊരു കൂട്ടിച്ചേർക്കലായിരുന്നില്ല. സാമൂഹ്യപുരോഗതിക്കു ഹാനികരങ്ങളായ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തു തോല്പിക്കാനും പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാനും പറ്റിയതരത്തിൽ പ്രാചീനമത ദാർശനിക ഗ്രന്ഥങ്ങളിലടങ്ങിയ മാനുഷികമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയാണ് അദ്ദേഹം ചെയ്തത്. 1828-ൽ അദ്ദേഹം ഇപ്രകാരം എഴുതി: “ഹിന്ദുക്കളുടെ ഇന്നത്തെ മതാചാരങ്ങൾ അവരുടെ രാഷ്ട്രീയതാല്പര്യത്തിന് അനുയോജ്യമല്ലെന്നു പറയുന്നതിൽ എനിക്ക് വ്യസനമുണ്ട്. ഹിന്ദുക്കൾക്കിടയിൽ ഒട്ടേറെ വിഭാഗങ്ങളും ഉപവിഭാഗങ്ങളും സൃഷ്ടിച്ചിട്ടുള്ള ജാതിവ്യവസ്ഥ അവരിലുള്ള ദേശീയവികാരത്തെ നശിപ്പിച്ചിരിക്കുന്നു. കണക്കില്ലാത്ത മതചടങ്ങുകളും മതാനുഷ്ഠാനങ്ങളും ശുദ്ധീകരണ നിയമങ്ങളും അവർക്ക് വിഷമംപിടിച്ച എന്തെങ്കിലും പ്രവർത്തനങ്ങളിലേർപ്പെടാനുള്ള കഴിവുകൾ ഇല്ലാതാക്കിയിരിക്കുന്നു. രാഷ്ട്രീയ നേട്ടങ്ങൾക്കും സാമൂഹ്യസുഖങ്ങൾക്കും വേണ്ടിയെങ്കിലും അവരുടെ മതത്തിൽ ചില മാറ്റങ്ങളുണ്ടാവേണ്ടതാവശ്യമാണെന്ന് എനിക്ക് തോന്നുന്നു”.

ക്രിസ്തുമതത്തോടുള്ള റാം മോഹന്റെ സമീപനവും ഏതാണ്ടിതു തന്നെയായിരുന്നു. സാഹോദര്യം, മനുഷ്യസ്നേഹം തുടങ്ങിയ ക്രൈസ്തവാദർശങ്ങളെ അദ്ദേഹം അനുകൂലിച്ചു. അതേസമയത്തുതന്നെ കാലത്തിന് പറ്റാത്ത മതച്ചടങ്ങുകളെയും യേശുക്രിസ്തു ദൈവമോ ദൈവപുത്രനോ ആണെന്നും മറ്റുമുള്ള വിശ്വാസങ്ങളെയും അദ്ദേഹം എതിർത്തു. പുരോഗമനപരങ്ങളായ ഇത്തരം ആശയങ്ങൾ പിന്തിരിപ്പന്മാരെ വിറളിപിടിപ്പിച്ചു. ബ്രാഹ്മണപുരോഹിതന്മാരും ചില ക്രിസ്ത്യൻ മിഷനറിമാരും അദ്ദേഹത്തെ സർവശക്തിയുമുപയോഗിച്ച് എതിർക്കാനൊരുമ്പെട്ടു. റൊമേൻ റൊളാങ്ങ് ചൂണ്ടിക്കാട്ടിയപോലെ, “റാം മോഹൻ യാഥാസ്ഥിതിക ഹിന്ദുമതത്തിന്റെയോ യാഥാസ്ഥിതിക ക്രിസ്തുമതത്തിന്റെയോ ബന്ധനത്തിൽ കുടുങ്ങിക്കിടക്കുകയുണ്ടായില്ല. മറിച്ച് രണ്ടു മതങ്ങളുടെയും ശരിയായ അർത്ഥം താൻ കണ്ടെത്തിയെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം ഒരു സ്വതന്ത്രനായ ദൈവവിശ്വാസിയായിരുന്നു. എല്ലാറ്റിനുമുപരിയായി യുക്തിചിന്തയും ധാർമ്മികബോധവുമുള്ളവനായിരുന്നു. ക്രിസ്തുമതദർശനത്തിലെ സാന്മാർഗിക വ്യവസ്ഥയെ അദ്ദേഹം സ്വീകരിച്ചു. എന്നാൽ ഹിന്ദുക്കൾക്ക് അവതാരങ്ങളിലുള്ള വിശ്വാസത്തെ എന്നപോലെ തന്നെ ക്രിസ്തു ദൈവാംശമാണെന്ന ധാരണയെയും അദ്ദേഹം നിഷേധിച്ചു. ഉൽക്കടമായ ഏകതത്വവാദത്തിന്റെ നിലപാടിൽനിന്നുകൊണ്ട് അദ്ദേഹം ഹിന്ദുക്കളുടെ ബഹുദൈവവിശ്വാസത്തെയും ക്രിസ്ത്യാനികളുടെ ത്രിമൂർത്തിഭാവത്തെയും ശക്തിയായി എതിർത്തു. തൽഫലമായി ബ്രാഹ്മണരും മിഷനറിമാരും അദ്ദേഹത്തിനെതിരായി ഒറ്റക്കെട്ടായി തിരിഞ്ഞു”. തന്റെ ആശയങ്ങളും പ്രവർത്തനങ്ങളും സമൂഹത്തിലെ യാഥാസ്ഥിതികരെ എത്രമാത്രം രോഷം കൊള്ളിച്ചുവെന്ന് റാം മോഹൻ തന്നെ ഇങ്ങനെ അനുസ്മരിക്കുന്നു: “വിഗ്രഹാരാധന, അന്ധവിശ്വാസങ്ങൾ മുതലായ വിഷയങ്ങളെപ്പറ്റി ഞാൻ ബ്രാഹ്മണരുമായി നടത്തിയ തുടർച്ചയായ വാദപ്രതിവാദങ്ങളും സതി തുടങ്ങിയ അവരുടെ ദ്രോഹകരങ്ങളായ അനുഷ്ഠാനങ്ങളിലുള്ള എന്റെ ഇടപെടലും എന്നോടുള്ള അവരുടെ ഈൗർഷ്യ വർദ്ധിപ്പിച്ചു. അവർക്ക് എന്റെ കുടുംബത്തിന്റെ മേലുണ്ടായിരുന്ന സ്വാധീനം കാരണം എന്റെ പിതാവ് എനിക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ പരസ്യമായി പിൻവലിക്കാൻ നിർബദ്ധനായി. എന്നാൽ, സ്വകാര്യമായി എനിക്ക് നൽകിയ ചുരുങ്ങിയ തോതിലുള്ള സാമ്പത്തികസഹായം അദ്ദേഹം തുടർന്നുപോന്നു. എന്റെ അഭിപ്രായങ്ങളോടുള്ള എതിർപ്പും വിരോധവുമുണ്ടായിട്ടും എന്റെ ബന്ധുക്കളും ബന്ധുത്വത്തിനു പുറമെയുള്ളവരുമായ ഒട്ടേറെ മാന്യവ്യക്തികൾ ഇതേ മനോഭാവമാണ് കൈക്കൊണ്ടത്”. [1]

---

1. Raja Rao and Iqbal Singh (ed): Changing India, PP. 18–19.

# 4 പത്രസ്വാതന്ത്ര്യം

മോഹൻ റായ് ആണ് ഇന്ത്യയിലെ ദേശീയപത്ര പ്രവർത്തനത്തിന്റെ അസ്തിവാരമിട്ടത്. 1821-ൽ അദ്ദേഹം ബംഗാളിയിൽ 'സംബാദ് കൗമുദി' എന്ന പത്രവും 1822-ൽ പേർസ്യൻ ഭാഷയിൽ 'ഉൽ അക്ബർ' എന്ന പത്രവും തുടങ്ങി. അവയ്ക്ക് ബുദ്ധിജീവികളുടെ ഇടയിൽ ധാരാളം പ്രചാരം ലഭിച്ചു. ഈ പത്രപ്രവർത്തന സംരംഭങ്ങളെ ആശങ്കയോടെയാണ് ഭരണാധികാരികൾ വീക്ഷിച്ചത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും പത്രങ്ങളുടെ മേൽ കർശനങ്ങളായ സെൻസർഷിപ്പ് നിയമങ്ങൾ നിലവിലുണ്ടായിരുന്നു. ഹേസ്റ്റിങ്ങ്സ് പ്രഭു 1817-ൽ പൊതുജന പ്രക്ഷോഭത്തിന് വഴങ്ങിക്കൊണ്ട് സെൻസർഷിപ്പ് നിയമങ്ങളിൽ അല്പം അയവുവരുത്തി. എന്നാൽ, അദ്ദേഹത്തിനുശേഷം വന്ന ആഡംപ്രഭുവിന്റെ ഗവണ്മെന്റ് ലൈസൻസ് കൂടാതെ ആനുകാലികപ്രസിദ്ധീകരണങ്ങളും പത്രങ്ങളും പ്രസിദ്ധീകരിക്കുന്നത് നിരോധിച്ചുകൊണ്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. റാം മോഹൻ റായ് ഈ നടപടികൾക്കെതിരായി ശക്തിയായ സമരം സംഘടിപ്പിക്കുകയും അവസാനം അതിൽ വിജയിക്കുകയും ചെയ്തു.

ദേശീയ നവോത്ഥാനത്തിന്റെയും സാർവലൗകിക സാഹോദര്യത്തിന്റെയും സന്ദേശം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കാനാണ് റാം മോഹൻ പത്രപ്രവർത്തനത്തിലേർപ്പെട്ടത്. ജാതിവ്യവസ്ഥ, വിഗ്രഹാരാധന, മൃഗബലി, സതി, ശൈശവവിവാഹം തുടങ്ങിയവയ്ക്കെതിരായി അദ്ദേഹം വിട്ടുവീഴ്ചയില്ലാത്ത സമരങ്ങൾ നടത്തി. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സ്വത്തവകാശം അനുവദിക്കണമെന്നും സതി നിരോധിക്കണമെന്നും വിധവകൾക്ക് വീണ്ടും വിവാഹം കഴിക്കാൻ സ്വാതന്ത്ര്യം നൽകണമെന്നും അദ്ദേഹം വാദിച്ചു.

## 5 സതിക്കെതിരായ പ്രക്ഷോഭം

ഭർത്താക്കന്മാർ മരിച്ചാൽ അവരുടെ ചിതയിൽ ചാടി വിധവകൾ ആത്മഹത്യ ചെയ്യണമെന്ന ക്രൂരനിയമമാണ് സതിയെന്ന പേരിലറിയപ്പെട്ടിരുന്നത്. മധ്യകാലത്തെ ഈ നിഷ്കരുണമായ മതച്ചടങ്ങ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോലും വടക്കെ ഇന്ത്യയിലെ ചില ഭാഗങ്ങളിൽ, പ്രത്യേകിച്ചും ബംഗാളിൽ, വളരെ പ്രബലമായിരുന്നു. റാം മോഹനനു തന്നെ ഈ നിഷ്ഠൂരത നേരിൽ കാണേണ്ടിവന്ന ഒരു ദുരന്താനുഭവമുണ്ടായി. തന്റെ സഹോദരന്റെ ചിതയിൽ സഹോദരഭാര്യ ചാടി മരിക്കുന്നതു തടയാൻ അദ്ദേഹം ഒരു വിഫലശ്രമം നടത്തിനോക്കി. പക്ഷേ, ബ്രാഹ്മണരുടെയും പുരോഹിതന്മാരുടെയും വാശിയേറിയ നിർബന്ധം കാരണം അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഒരു ജീവനുള്ള സ്ത്രീ തീയിൽ ചുട്ടുകരിക്കപ്പെടുന്നത് നിസ്സഹായനായി നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. ഈ സംഭവം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരിക്കലുമുണങ്ങാത്ത ഒരു വ്രണമുണ്ടാക്കി. അദ്ദേഹം സതിയുടെ ഏറ്റവും വലിയ എതിരാളിയായി മാറി. സാമൂഹ്യപരിഷ്കാരങ്ങൾക്ക് മതപരമായ അംഗീകാരം വേണമെന്ന് ഇന്ത്യക്കാർ ആഗ്രഹിച്ചിരുന്ന ഒരു കാലമായിരുന്നു അത്. സതിയുടെ നിരോധനം ശ്രുതികൾക്കും സ്മൃതികൾക്കും എതിരല്ലെന്ന് തെളിയിക്കേണ്ടതാവശ്യമായിരുന്നു. പഴയ വേദോപനിഷത്തുകളും മറ്റും ഉദ്ധരിച്ചുകൊണ്ട് ഈ നിഷ്ഠൂര നടപടിക്ക് ധാർമ്മികമോ മതപരമോ ആയ അംഗീകാരമില്ലെന്ന് തെളിയിക്കാൻ റാം മോഹൻ തയ്യാറായി. ഈ മഹത്തായ പരിശ്രമങ്ങളിൽ വില്യംകാരിയും സെരാംപൂരിലെ മറ്റു ചില പ്രമുഖ ക്രിസ്ത്യൻമിഷനറിമാരും അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുവെന്ന് ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. എന്നാൽ, ഇംഗ്ലണ്ടിലെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ ഒരേ അഭിപ്രായമല്ല ഉണ്ടായിരുന്നത്. ഭരണാധികാരി വർഗ്ഗത്തിലെ ഏറ്റവും പ്രബലമായ വിഭാഗം യാഥാസ്ഥിതികരായ ഹിന്ദുപുരോഹിതന്മാരെ വെറുപ്പിക്കാൻ ഇഷ്ടപ്പെട്ടില്ല. “വിധവകൾ തങ്ങളുടെ ഭർത്താക്കന്മാരോടൊപ്പം ചിതയിൽ ചാടി മരിക്കുന്നത് ഹിന്ദുക്കളുടെ മതപരമായ സങ്കൽപ്പങ്ങളെ അടിസ്ഥാനമാക്കിയുള്ള ആചാരമാണെന്നും അത് അംഗീകൃതനിയമങ്ങളിൽ പ്രത്യേകം പ്രത്യേകം വ്യക്തമാക്കപ്പെട്ടിട്ടുണ്ടെന്നും” [2] ആയിരുന്നു ഈ പണ്ഡിതന്മാരുടെ വാദം. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെന്റ് യാഥാസ്ഥിതിക ഹിന്ദുപുരോഹിതന്മാർ നൽകിയ ശാസ്ത്രവ്യാഖ്യാനങ്ങൾ സ്വീകരിക്കുകയും മതം അനുവദിക്കുന്നേടത്തോളം സതി അനുവദിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

എന്നാൽ ഉൽബുദ്ധരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം—അവരിൽ ഇന്ത്യാക്കാരും യൂറോപ്യന്മാരും ഉൾപ്പെടും—സതി നീചവും മനുഷ്യത്വരഹിതവുമായ ഒരു ആചാരമായിരുന്നു. പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദം കാരണം ഔദ്യോഗികാനുമതി കൂടാതെ സതി നടത്തരുതെന്നും ഒരു പൊലീസുദ്യോഗസ്ഥന്റെ മുമ്പാകെ വെച്ചുമാത്രമേ അതു നടത്താൻ പാടുള്ളൂ എന്നും 1813-ൽ ഗവണ്മെന്റ് കല്പന പുറപ്പെടുവിച്ചു. “നിയമാനുസൃതമായ സതികൾ”ക്ക് പൊലീസിന്റെ സംരക്ഷണം നൽകുന്നതിന് തുല്യമായിരുന്നു ഇത്. സതിയുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുകയാണ് ഇതിന്റെ ഫലമായുണ്ടായത്. ഹൂഗ്ലിയിൽ കളക്ടറായിരുന്ന എച്ച്. ഉക്ലി 1818-ൽ ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി: “സതി നടത്തുന്നത് ശാസ്ത്രനിയമങ്ങൾക്കനുസരിച്ചാണെന്ന് ഉറപ്പുവരുത്താൻ ഇപ്പോൾ പൊലീസുദ്യോഗസ്ഥന്മാർ ഇടപെടണമെന്ന് കല്പനയായിരിക്കുകയാണ്. വിധവകളെ തീയിലിട്ടു ചുട്ടുകൊല്ലുന്നതിന് ഗവണ്മെന്റിന്റെ അംഗീകാരം നൽകലാണിത്. ശാസ്ത്രങ്ങളുടെ ശുപാർശയ്ക്കു പുറമെ ഭരിക്കുന്ന ശക്തിയുടെ അനുവാദംകൂടി ലഭിക്കുമ്പോൾ നരബലികളുടെ എണ്ണം ഇരട്ടിയാകുന്നതിൽ അത്ഭുതമില്ല”. [3]

എന്നാൽ, ഗവണ്മെന്റിന്റെ ഇത്തരം നടപടികൾക്ക് റാം മോഹന്റെ നിശ്ചയദാർഢ്യത്തെ ഇളക്കാൻ കഴിഞ്ഞില്ല. അദ്ദേഹം സതിക്കെതിരായ തന്റെ പ്രക്ഷോഭം കൂടുതൽ ശക്തിപ്പെടുത്തി. 1813-ൽ ഗവണ്മെന്റിനു സമർപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ ശാസ്ത്രങ്ങൾക്കനുസരിച്ചു മാത്രമല്ല, എല്ലാ രാഷ്ട്രങ്ങളുടെയും സാമാന്യബുദ്ധിക്കനുസരിച്ചും, സതി തനി കൊലപാതകമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. ഈ ക്രൂരമായ ആചാരത്തിന്റെ പിന്നിലുള്ള സാമ്പത്തിക താല്പര്യങ്ങളെ അദ്ദേഹം തുറന്നുകാട്ടി. മരിച്ച പുരുഷന്റെ സ്വത്തുക്കൾ അയാളുടെ വിധവകൾക്ക് വീതിച്ചുകൊടുക്കുന്നത് ഒഴിവാക്കാനുള്ള സ്വാർത്ഥോദ്ദേശ്യമാണ് യാഥാസ്ഥിതിക പുരോഹിതന്മാരുടെ വാദങ്ങളുടെ പിന്നിലുള്ളത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ മെമ്മോറാണ്ടം ഉൽബുദ്ധരായ വളരെയേറെ ജനങ്ങളെ ആകർഷിച്ചു. 1819-ൽ പ്രമുഖരായ ഹിന്ദുക്കളുടെ ഒരു സംഘം മറ്റൊരു ഹർജി സമർപ്പിച്ചു. ഇങ്ങനെ സതിക്കെതിരായ പ്രക്ഷോഭം കൂടുതൽ കൂടുതൽ ശക്തിപ്പെടുകയും നാട്ടിലൊട്ടുക്കും പരന്നുപിടിക്കുകയും ചെയ്തു. ഒടുവിൽ 1829-ൽ വില്യം ബെന്റിക് പ്രഭുവിന്റെ ഭരണകാലത്ത് സതി നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു.

സാമൂഹ്യജീവിതത്തിൽ സ്ത്രീകൾക്കുള്ള എല്ലാ അവശതകളും അവസാനിപ്പിക്കുക എന്ന തന്റെ ലക്ഷ്യത്തിലേക്കുള്ള ഒരു കാൽവെപ്പു മാത്രമായിട്ടാണ് സതി നിരോധനത്തെ റാം മോഹൻ വീക്ഷിച്ചത്. പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായ സ്വത്തവകാശം അനുവദിക്കണമെന്ന് അദ്ദേഹം വാദിച്ചു. വിധവാവിവാഹത്തിനനുകൂലമായും ശൈശവ വിവാഹത്തിനെതിരായും അദ്ദേഹം പ്രചരണം നടത്തി. ഇത്തരം പ്രവർത്തനങ്ങളിലെല്ലാം ഉൽബുദ്ധ ജനവിഭാഗങ്ങളുടെ പിന്തുണ നേടാനും അദ്ദേഹത്തിന് സാധിച്ചു.

---

2. Jatindra Kumar Majumdar (ed): Raja Ram Mohan Roy and Progressive Movement in India.
3. Ibid.

# 6 ആധുനിക വിദ്യാഭ്യാസം

റാം മോഹനെ സംബന്ധിച്ചിടത്തോളം, സാമൂഹ്യപരിഷ്കരണങ്ങൾ സാംസ്കാരികപുരോഗതിയുടെ ഒരവിഭാജ്യഭാഗമായിരുന്നു. അതുകൊണ്ടാണ് ആധുനിക വിദ്യാഭ്യാസത്തിന് അദ്ദേഹം വലിയ പ്രാധാന്യം നൽകിയത്. പരമ്പരാഗതമായ വിദ്യാഭ്യാസരീതി മാറ്റംകൂടാതെ നിലനിർത്തണമെന്നും അദ്ധ്യയനമാധ്യമങ്ങളായി സംസ്കൃതവും അറബിയും അംഗീകരിക്കണമെന്നും പല പണ്ഡിതന്മാരും ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ബ്രിട്ടീഷ് ഗവർണർ ജനറൽ വാറൻ ഹേസ്റ്റിങ്ങ്സ് പണ്ഡിതന്മാരുടെ ഈ ആവശ്യങ്ങളെ പിന്താങ്ങുകയാണ് ചെയ്തത്. റാം മോഹൻ നേരെ മറിച്ച്, മാറിയ ജീവിതസാഹചര്യങ്ങളിൽ പഴയ വിദ്യാഭ്യാസ സമ്പ്രദായം അപര്യാപ്തമാണെന്നും പാശ്ചാത്യരീതിയിലുള്ള പുതിയ വിദ്യാഭ്യാസരീതി നടപ്പാക്കണമെന്നും വാദിച്ചു. പാശ്ചാത്യർ ശാസ്ത്രത്തിലും സാമൂഹ്യപരിഷ്കരണ രംഗത്തിലും രാഷ്ട്രീയ കാര്യങ്ങളിലും കൈവരിച്ച നേട്ടങ്ങളിൽ നിന്ന് ഇന്ത്യക്കാരെ അകറ്റിനിർത്താൻ പാടില്ലെന്നും ആധുനികചിന്തയുടെ പ്രചാരത്തിനുള്ള ഒരു മാർഗ്ഗമാണ് ആധുനിക വിദ്യാഭ്യാസം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ അക്ഷീണപരിശ്രമത്തിന്റെ ഫലമായിട്ടാണ് 1817-ൽ ഹിന്ദു കോളേജ് സ്ഥാപിക്കപ്പെട്ടത്. പിന്നീട് അതിന്റെ പേർ പ്രസിഡൻസി കോളേജ് എന്നാക്കി മാറ്റപ്പെട്ടു. 1825-ൽ അദ്ദേഹം ഗവർണർ ജനറൽ ആംഹേഴ്സ്റ്റ് പ്രഭുവിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ "ഈ രാജ്യത്തെ ഇരുട്ടിൽ ആഴ്ത്തി നിർത്താൻ മാത്രമുതകുന്ന" പൗരസ്ത്യവാദികളുടെ വിദ്യാഭ്യാസനയത്തെ കഠിനമായി വിമർശിച്ചു. "ഗണിതശാസ്ത്രം, പ്രകൃതിതത്വചിന്ത, രസതന്ത്രം, ശരീരശാസ്ത്രം തുടങ്ങിയ പ്രയോജനകരങ്ങളായ ശാസ്ത്രങ്ങൾ ഉൾക്കൊള്ളുന്ന" കൂടുതൽ ഉദാരവും പ്രബുദ്ധവുമായ വിദ്യാഭ്യാസരീതിക്ക് വേണ്ടിയാണദ്ദേഹം വാദിച്ചത്. "യൂറോപ്പിൽ പരിശീലനം നേടി മടങ്ങിവരുന്ന അഭ്യസ്തവിദ്യരുടെ പുതിയ തലമുറയുടെ സേവനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ആവശ്യമായ പുസ്തകങ്ങൾ, ഉപകരണസാമഗ്രികൾ തുടങ്ങിയ സൗകര്യങ്ങളോടു കൂടിയ ഒരു കോളേജ് ഏർപ്പെടുത്താൻ വേണ്ടിയാണ് വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെച്ച തുകകൾ വിനിയോഗിക്കേണ്ടത്" എന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഈ പ്രചരണത്തിനും ഫലമുണ്ടായി. ഒരു ദശാബ്ദത്തിന് ശേഷം മെക്കാളെ പ്രഭു നിർദ്ദേശിച്ച വിദ്യാഭ്യാസപരിഷ്കരണത്തിൽ റാം മോഹന്റെ അഭിപ്രായങ്ങളിൽ പലതും ഉൾപ്പെടുത്തപ്പെട്ടിരുന്നു.

## 7 നിയമപരിഷ്കാരങ്ങൾ

റാം മോഹന്റെ മുഖ്യമായ മറ്റൊരു പ്രവർത്തനം 1827ലെ ജൂറി ആക്ട് എന്ന നിയമത്തിനെതിരായ പ്രക്ഷോഭമാണ്. ജൂറി ആക്ടിന്റെ ദ്രോഹകരമായ വശവും അതിനെതിരായ റാം മോഹന്റെ സമരത്തിന്റെ പ്രാധാന്യവും താഴെ കൊടുക്കുന്ന ഉദ്ധരണിയിൽ നിന്നു മനസ്സിലാക്കാവുന്നതാണ്: "ഈ രാജ്യത്തിലെ നീതിന്യായ സമ്പ്രദായത്തിൽ മതപരമായ വ്യത്യാസങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കൺട്രോൾ ബോർഡിന്റെ മുൻപ്രസിഡന്റ് മി. വിൻ ആസൂത്രണം ചെയ്ത പ്രസിദ്ധമായ ജൂറിബിൽ നാട്ടുകാർക്കിടയിൽ പൊതുവേ അസംതൃപ്തിക്ക് ന്യായമായ കാരണമുണ്ടാക്കിയിരിക്കുന്നു. മാത്രമല്ല, അത് രാഷ്ട്രീയ തത്വങ്ങളുമായി പരിചയപ്പെട്ട എല്ലാവരിലും ഭയാശങ്കകൾ ഉളവാക്കിയിരിക്കുന്നു. ഹിന്ദുക്കളോ മുസ്ലീങ്ങളോ ആയ നാട്ടുകാർ ഈ നിയമമനുസരിച്ച് യൂറോപ്യന്മാരോ നാട്ടുകാരോ ആയ ക്രിസ്ത്യാനികളുടെ നീതിന്യായവിചാരണയ്ക്ക് വിധേയരാക്കപ്പെടുന്നു. മതപരിവർത്തനം ചെയ്ത നാട്ടുകാരടക്കമുള്ള ക്രിസ്ത്യാനികൾ ഹിന്ദുവോ മുസൽമാനോ ആയ ജഡ്ജിയുടെ വിചാരണയ്ക്ക് വിധേയരാവേണ്ട ഗതികേടിൽനിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഹിന്ദുവോ മുസൽമാനോ ആയ ജഡ്ജിക്ക് എത്ര ഉയർന്ന സ്ഥാനമുണ്ടായാലും സ്ഥിതി ഇതുതന്നെയാണ്. ഹിന്ദുക്കളെയോ മുസൽമാന്മാരെയോ വിചാരണ ചെയ്യുന്നതിനുപോലും ഗ്രാൻഡ് ജൂറിയിൽ ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും ഒരു സീറ്റ് അനുവദിക്കപ്പെടുന്നില്ല. ഇതാണ് മി. വിന്നിന്റെ പുതിയ ജൂറിബിൽ—ഞങ്ങൾ ഈ ബില്ലിനെ കഠിനമായി ആക്ഷേപിക്കുന്നു". [4] ഇത്തരം നിയമങ്ങൾക്കെതിരായി പ്രക്ഷോഭം നടത്തുന്നതിനോടൊപ്പം പൊലീസുദ്യോഗസ്ഥന്മാരുടെ മർദ്ദനങ്ങളിൽ നിന്ന് ഗ്രാമീണരെ രക്ഷിക്കാൻ പറ്റിയ തരത്തിൽ ക്രിമിനൽ നിയമം ക്രോഡീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു.

---

4. Quoted in Choudhari, Majumdar and Datta: An Advanced History of India, P. 814.

## 8 ബ്രഹ്മസമാജം

ഒററപ്പെട്ട പ്രചാരവേലകൾ അപര്യാപ്തങ്ങളാണെന്നും സംഘടിതമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും റാം മോഹൻ മനസ്സിലാക്കിയിരുന്നു. 1815-ൽ അദ്ദേഹം ആത്മീയസഭ (സുഹൃത് സംഘം) എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ചു. മതപരവും ദാർശനികവുമായ പ്രബന്ധങ്ങളെഴുതി വായിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുക എന്നതായിരുന്നു അതിന്റെ മുഖ്യോദ്ദേശ്യം. പിന്തിരിപ്പൻ ബ്രാഹ്മണ പുരോഹിതന്മാരുടെയും മററു സ്ഥാപിത താൽപ്പര്യക്കാരുടെയും സംഘടിതമായ ആക്രമണത്തിന്റെ മുമ്പിൽ അതിന് ഏറെക്കാലം നിലനിൽക്കാൻ കഴിഞ്ഞില്ല. സഭയിൽ പങ്കെടുക്കുന്നവർ ഹിന്ദുമതത്തിൽ നിന്ന് ഭ്രഷ്ടരാക്കപ്പെടുമെന്നും അവർക്ക് ഹിന്ദു സ്വത്തവകാശനിയമങ്ങൾ ബാധകമാവുകയില്ലെന്നും മററുമുള്ള ഭീഷണികൾ കാരണം റാം മോഹന്റെ മിക്ക സുഹൃത്തുക്കളും അദ്ദേഹത്തെ വിട്ടുപിരിഞ്ഞുപോയി. 1828-ൽ സ്ഥാപിക്കപ്പെട്ട ബ്രഹ്മസമാജം കൂടുതൽ സുശക്തമായിരുന്നു. മതപരവും സാമൂഹ്യവുമായ പരിഷ്ക്കരണ സംരംഭങ്ങൾക്ക് കേന്ദ്രീകൃതമായ ഒരു നേതൃത്വം നൽകുകയെന്നതായിരുന്നു സമാജത്തിന്റെ മുഖ്യമായ ഉദ്ദേശ്യം. ഈ സംഘടനയ്ക്കും യാഥാസ്ഥിതികന്മാരുടെ കഠിനമായ എതിർപ്പുകളെ നേരിടേണ്ടിവന്നു. ബ്രഹ്മസമാജത്തിനെതിരായി ഹിന്ദുമതത്തിന്റെ പാരമ്പര്യങ്ങളെ കാത്തുരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അവർ ധർമ്മസഭ എന്ന മറ്റൊരു സംഘടനയുണ്ടാക്കി. എങ്കിലും, ബ്രഹ്മസമാജത്തിന് ബംഗാളിലെ പ്രശസ്തരായ പല ബുദ്ധിജീവികളെയും ആകർഷിക്കാൻ കഴിഞ്ഞു. വിഗ്രഹാരാധന, തൊട്ടുകൂടായ്മ, ജാതിവ്യവസ്ഥ, മതഭ്രാന്ത് എന്നിവയെ എതിർക്കുക, വിധവാവിവാഹം, മിശ്രവിവാഹം എന്നിവയെ പ്രോത്സാഹിപ്പിക്കുക മുതലായവയായിരുന്നു സമാജത്തിന്റെ മുഖ്യപരിപാടികൾ. ഈ ബഹുമുഖമായ പ്രവർത്തനങ്ങൾ ഇന്ത്യയിലെ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിനും ദേശീയനവോത്ഥാനത്തിനും വമ്പിച്ച ഉത്തേജനം നൽകി. യാഥാസ്ഥിതികചിന്തകളുടെ വീർപ്പുമുട്ടിക്കുന്ന പിടിയിൽനിന്ന് സാമൂഹ്യമനഃസാക്ഷിയെ മോചിപ്പിക്കുന്നതിനും അങ്ങനെ ജനങ്ങളെ കാലത്തിന്റെ വിളി കേൾപ്പിക്കുന്നതിനും വേണ്ടിയുള്ള സൃഷ്ടിപരമായ ഒരു യത്നമായിരുന്നു സമാജം. ഏകദൈവ വിശ്വാസവും മനുഷ്യസാഹോദര്യവുമായിരുന്നു സമാജത്തിന്റെ വിശ്വാസപ്രമാണങ്ങൾ. മനുഷ്യസാഹോദര്യമെന്ന സങ്കല്പം ഹിന്ദു യാഥാസ്ഥിതികന്മാരുടെ അനുഗ്രഹാശിസ്സുകളോടെ നിലനിന്ന സാമൂഹ്യാസമത്വങ്ങൾക്കും വിഭാഗീയതകൾക്കുമെതിരായ ഒരു വെല്ലുവിളിയായിരുന്നു. ഏകദൈവവിശ്വാസമാകട്ടെ, ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം എന്നിവയുടെ സമന്വയത്തിനുള്ള ഉൽക്കടമായ ഇച്ഛയെയാണ് പ്രതിഫലിപ്പിച്ചത്. എന്നാൽ, ബ്രഹ്മസമാജം വെറും മതപരമായ പരിഷ്ക്കരണപ്രസ്ഥാനം മാത്രമായിരുന്നില്ല. എന്തെന്നാൽ, സാമൂഹ്യവും രാഷ്ട്രീയവുമായ പുരോഗതി മതപരിഷ്ക്കരണവുമായി അഭേദ്യമാം വിധം കൂടിപ്പിണഞ്ഞു കിടന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. വ്യക്തിസ്വാതന്ത്ര്യം, ദേശീയൈക്യം, സ്ത്രീസ്വാതന്ത്ര്യം, ആധുനികവിദ്യാഭ്യാസം മുതലായ ആശയങ്ങൾ കോളനിമേധാവിത്വത്തിനും നാടുവാഴിത്ത ബന്ധങ്ങൾക്കുമെതിരായ ദേശീയനവോത്ഥാനത്തിന്റെ ശക്തികൾക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകുന്നവയായിരുന്നു. പിന്നീടുണ്ടായ രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ അടിത്തറയുറപ്പിക്കാൻ അവ സഹായിച്ചു.

## 9 റാം മോഹന്റെ പിൻഗാമികൾ

1833-ൽ രാജാ റാം മോഹൻ റായ് അന്തരിച്ചു. അദ്ദേഹം തുടങ്ങിവെച്ച പ്രവർത്തനങ്ങൾ തുടർന്നു നടത്തിയത് ദേവേന്ദ്രനാഥ് ടാഗോർ (1838–1884) തുടങ്ങിയ പ്രമുഖന്മാരാണ്. അവരുടെ നേതൃത്വത്തിൽ ബ്രഹ്മസമാജപ്രസ്ഥാനത്തിന്റെ ആഴവും വ്യാപ്തിയും വർദ്ധിച്ചു. അതോടൊപ്പം യാഥാസ്ഥിതികന്മാരുടെ എതിർപ്പുകളും മൂർച്ഛിച്ചു. ഈ സാഹചര്യങ്ങളിൽ ബ്രഹ്മസമാജത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും കൂടുതൽ വ്യക്തമാക്കേണ്ടതാവശ്യമായിവന്നു. വേദങ്ങളും ബ്രാഹ്മണങ്ങളും സ്മൃതികളും മറ്റും അപ്രമാദിത്വമുള്ളവയാണെന്നു കരുതുന്നതിനുപകരം യുക്തിക്ക് കൂടുതൽ സ്ഥാനം നൽകുകയാണ് ബ്രഹ്മസമാജ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യമെന്ന് ദേവേന്ദ്രനാഥ് ടാഗോർ പ്രഖ്യാപിച്ചു. 1843-ൽ അദ്ദേഹം തയ്യാറാക്കിയ ബ്രഹ്മസമാജ പ്രമാണങ്ങളിൽ താഴെ പറയുന്ന തത്വങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി. “ഏറ്റവും ഉൽകൃഷ്ടങ്ങളായ ഗുണങ്ങളോടുകൂടിയ വ്യക്തിസത്തയാണ് ദൈവം. ദൈവത്തിന് ഒരിക്കലും അവതാരങ്ങളുണ്ടായിട്ടില്ല. ദൈവം പ്രാർത്ഥനകൾ കേൾക്കുകയും അവയ്ക്ക് പ്രത്യുത്തരം നൽകുകയും ചെയ്യുന്നു. ക്ഷേത്രങ്ങളും നിശ്ചിതങ്ങളായ ആരാധനാരീതികളും അനാവശ്യങ്ങളാണ്. എല്ലാ ജാതികളിലും വംശങ്ങളിലും പെട്ട മനുഷ്യർക്ക് ഒരുപോലെ സ്വീകാര്യമായ നിലയിൽ ദൈവത്തെ ആരാധിക്കാം. ദൈവികജ്ഞാനത്തിന്റെ ഉറവിടങ്ങൾ പ്രകൃതിയും ആത്മബോധവും ആണ്. ഒരൊറ്റ ഗ്രന്ഥവും ആധികാരികമല്ല”.

ബ്രഹ്മസമാജവും യാഥാസ്ഥിതിക ഹിന്ദുമതവും തമ്മിലുള്ള വ്യത്യാസങ്ങളെ വിവരിച്ചുകൊണ്ട് അദ്ദേഹം എഴുതി: “ഒന്നാമത്തെ വ്യത്യാസം ദൈവത്തെ സ്നേഹിക്കുന്നതിലും അവൻ ഇഷ്ടപ്പെടുന്ന പ്രവൃത്തികൾ ചെയ്യുന്നതിലും ആണ് ആരാധന അടങ്ങിയിട്ടുള്ളതെന്ന ഞങ്ങളുടെ വിശ്വാസപ്രമാണത്തിന്റെ ക്രിയാത്മകമായ വശമാണ് ... സൃഷ്ടിക്കപ്പെട്ട ജീവിയെയോ വസ്തുവിനെയോ സ്രഷ്ടാവെന്ന നിലയ്ക്ക് ആരാധിക്കുന്നത് നിരോധിച്ചിട്ടുണ്ടെന്നുള്ളതാണ് ഞങ്ങളുടെ മതത്തിന്റെ നിഷേധാത്മകമായ വശം. ഇത് അവതാരങ്ങളെ ആരാധിച്ചു ശീലിച്ചവരിൽ നിന്നും ഏതെങ്കിലും മാധ്യമത്തിന്റെയോ പ്രതീകങ്ങളുടെയോ വിഗ്രഹങ്ങളുടെയോ ആവശ്യകതയിൽ വിശ്വസിക്കുന്നവരിൽ നിന്നും ഞങ്ങളെ വ്യത്യസ്തരാക്കിയിരിക്കുന്നു. ഞങ്ങളുടെ വിശ്വാസം യുക്തിയുടെയും മനസ്സാക്ഷിയുടെയും അംഗീകാരത്തോടുകൂടിയ മതത്തിന്റെ മൗലികസത്യങ്ങളിൽ അധിഷ്ഠിതമാണ്. ആത്മാവും പരമാത്മാവും തമ്മിൽ നേരിട്ടു സമ്പർക്കം പുലർത്തുന്നതിന് തടസ്സമായി നിൽക്കാൻ ഞങ്ങളുടെ മതം മനുഷ്യനെയോ പുസ്തകത്തെയോ ബിംബത്തെയോ അനുവദിക്കുന്നില്ല”.

കേശബ് ചന്ദ്രസെൻ ബ്രഹ്മസമാജത്തെ ക്രിസ്തുമതവുമായി അടുപ്പിച്ചതായി ചില എഴുത്തുകാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ക്രിസ്തുമതം അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തിയെന്നത് സത്യമാണ്. എന്നാൽ, ഹിന്ദുമതത്തിന്റെ വിശ്വാസപ്രമാണങ്ങളെ എതിർത്ത അതേ ശക്തിയോടെ അദ്ദേഹം ക്രിസ്തുമതത്തിന്റെ വിശ്വാസപ്രമാണങ്ങളെയും എതിർക്കുകയുണ്ടായി. “ക്രിസ്തുമതം എന്റെ നാട്ടുകാരിൽ വലിയ ധാർമ്മികസ്വാധീനം ചെലുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. എന്നിട്ടും, യേശുവിന്റെ മതമെന്നു വെച്ചാൽ നാട്ടുകാരെ നിർബാധം അടിക്കാനും ചവിട്ടാനുമുള്ള അധികാരവും പ്രത്യേകാവകാശവുമാണ് എന്ന് ധരിക്കാൻ ബലപ്രയോഗത്തിന്റേതായ ക്രിസ്തുമതം പലരെയും പ്രേരിപ്പിച്ചു. അങ്ങനെ ഇന്ത്യയിൽ യേശു അപമാനിക്കപ്പെട്ടിരിക്കയാണ്”.

പൗരസ്ത്യ രാജ്യങ്ങളെയും പാശ്ചാത്യ രാജ്യങ്ങളെയും ഏകോപിപ്പിക്കാനുതകുന്ന ഒരു സാർവലൗകികമതത്തെക്കുറിച്ച് കേശബ് ചന്ദ്രസെൻ സ്വപ്നം കണ്ടു. 1870-ൽ ലീഡ്സിലെ മിൽഹിൽ കപ്പേളയിൽ വെച്ച് ചെയ്ത മതപ്രസംഗത്തിൽ ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ പറ്റിയ മനോഭാവങ്ങൾ സൃഷ്ടിക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. “കിഴക്കുള്ള സഹോദരീസഹോദരന്മാരും പടിഞ്ഞാറുള്ള സഹോദരീസഹോദരന്മാരും തമ്മിൽ ആത്മീയമായ ബന്ധമോ അതുപോലെ മറ്റേന്തെങ്കിലുമോ സ്ഥാപിക്കണം” അതേ പ്രസംഗത്തിൽ തന്നെ അദ്ദേഹം പ്രഖ്യാപിച്ചു: “വിഭാഗീയത ഭയങ്കരമാണ്. അതെന്നെ അസ്വസ്ഥനാക്കുന്നു; വളരെയധികം അസ്വസ്ഥനാക്കുന്നു. സഹോദരന്മാർക്കും സഹോദരിമാർക്കും ഇടയിൽ യാതൊരു പ്രതിബന്ധങ്ങളും ഉണ്ടായിക്കൂടാ”. ആധുനികശാസ്ത്രത്തിന്റെ പ്രബുദ്ധത കൂടാതെ വ്യത്യസ്തജനതകൾക്കിടയിൽ ആത്മീയമായ ഐക്യം സാദ്ധ്യമല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആത്മീയവാദത്തെ ശാസ്ത്രവുമായി കൂട്ടിയിണക്കാൻ അദ്ദേഹം ആഗ്രഹിച്ചു. “ഇന്ത്യൻ സഹോദരന്മാർക്കുള്ള കത്തി”ൽ അദ്ദേഹം തന്റെ അനുയായികളോട് ശാസ്ത്രത്തെ “വേദങ്ങൾക്കും ബൈബിളിനും ഉപരിയായ ഒരു മതമാക്കാൻ അഭ്യർത്ഥിച്ചു. “ജ്യോതിശ്ശാസ്ത്രം, ഭൂഗർഭശാസ്ത്രം, സസ്യശാസ്ത്രം, രസതന്ത്രം, ശരീരശാസ്ത്രം എന്നിവ പ്രകൃതി എന്ന ദൈവത്തിന്റെ ജീവിക്കുന്ന വേദങ്ങളാണ്. തത്വചിന്ത, തർക്കശാസ്ത്രം, ധർമ്മശാസ്ത്രം എന്നിവയാകട്ടെ, ആത്മാവിന്റെ ദൈവത്തിന്റെ വേദങ്ങളാണ്”.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബ്രഹ്മസമാജത്തിൽ ഭിന്നിപ്പുകളും പിളർപ്പുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. 1884-ൽ കേശബ് ചന്ദ്രസെന്നിന്റെ മരണത്തിനുശേഷം സമാജം തകർച്ചയുടെ പാതയിൽ പ്രവേശിച്ചു. പക്ഷേ, അപ്പോഴേക്കും റാം മോഹന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയും ആശയങ്ങൾ സമൂഹത്തിൽ ഒരു പുതിയ ചലനം സൃഷ്ടിച്ചുകഴിഞ്ഞിരുന്നു. എന്നല്ല, ബംഗാളിലാരംഭിച്ച സാമൂഹ്യപരിഷ്കരണ പ്രസ്ഥാനം ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിക്കാൻ തുടങ്ങി.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014